# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3885

18/10/2011 ൽ മറുപടിക്ക്

## വിദ്യാഭ്യാസ പാക്കേജ്

**ചോദ്യം**

ശ്രീ. തോമസ് ഉണ്ണിയാടൻ
ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. പി.സി.ജോർജ്

**ഉത്തരം**

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) വിദ്യാഭ്യാസം ഗുണനിലവാരം ഉള്ളതും കാര്യക്ഷമവുമാക്കുന്നതിന് ഈ സർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ പാക്കേജിലെ പ്രത്യേകതകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) സർക്കാർ പ്രഖ്യാപിച്ച അദ്ധ്യാപക പാക്കേജ് നടപ്പിലാക്കുമ്പോൾ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയുകയും, എല്ലാ അദ്ധ്യാപകർക്കും യഥാസമയം ശാസ്ത്രീയമായ ട്രെയിനിംഗ് ലഭിക്കുകയും, സ്കൂളുകളിൽ അദ്ധ്യാപകരുടെ ഒഴിവുകൾ നിശ്ചിത സമയ പരിധിക്കുള്ളിൽ നികത്തപ്പെടുകയും ചെയ്യും. മാത്രമല്ല അദ്ധ്യാപകരുടെ പ്രവർത്തന മികവു സംബന്ധിച്ച് ഉന്നതതല പരിശോധനയും വിലയിരുത്തലും നടത്തപ്പെടും. |
| (ബി) പൊതു വിദ്യാഭ്യാസത്തെ സംരക്ഷിക്കുവാൻ വിദ്യാഭ്യാസ പാക്കേജിലെ ഗുണകരമായ സംഗതികൾ കാലതാമസം കൂടാതെ നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത്? | (ബി) ഈ അദ്ധ്യയനവർഷം മുതൽ തന്നെ പാക്കേജ് നടപ്പാക്കത്തക്കവിധം 01/10/2011-ലെ സ.ഉ (പി) നം. 199/11/പൊ.വി. പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ